# അമലഭാരതം

ശുചിത്വപാലനം ആരോഗ്യപാലനം   ശുചിത്വഭാരതം സുന്ദരഭാരതം

പ്രകൃതി ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണു പരിസ്ഥിതിമലിനീകരണം. മനുഷ്യൻ ഉപയോഗിച്ചു തള്ളുന്ന മാലിന്യങ്ങൾ കാരണം വായു, ജലം, മണ്ണ്, ആഹാരം തുടങ്ങിയവയെല്ലാം വിഷമയമായി കഴിഞ്ഞു. എത്രയോ ജീവികൾക്കു വംശനാശം സംഭവിച്ചു. പെറ്റമ്മയെപ്പോലെ നമുക്ക് ആശ്രയവും അഭയവും നല്കുന്ന ഭൂമിക്കു നമ്മൾ ചരമഗീതം പാടുകയാണ്. നമ്മൾ ഉണർന്നു പ്രവർത്തിച്ചേ മതിയാകൂ. ഇനിയും താമസിച്ചു കൂടാ. നമ്മുടെ ഓരോരുത്തരുടെയും, സ്നേഹത്തോടും കാരുണ്യത്തോടുമുള്ള പരിചരണം ഇന്നു ഭൂമിക്ക് ആവശ്യമാണ്. ഭൂമിയിൽ ജീവൻ നിലനില്ക്കണമെങ്കിൽ മനുഷ്യവംശം ഇല്ലാതാകണമെന്ന സ്ഥിതി വരാൻ പാടില്ല.

മനുഷ്യന് അനുഗ്രഹം മാത്രം ചൊരിയുന്ന കാണപ്പെട്ട ദൈവമാണു ഭൂമി. ഈ ഭൂമിയെ, പ്രകൃതിയെ, രക്ഷിച്ചു കാത്തുസൂക്ഷിക്കേണ്ട ചുമതല നമ്മിൽ ഓരോരുത്തരിലും നിക്ഷിപ്തമാണ്. ഉണ്ണാനും ഉറങ്ങാനും മറക്കാത്തതുപോലെ ഇതും നമ്മൾ വിസ്മരിക്കരുത്. ഭൂമിയെ മാലിന്യമുക്തമാക്കേണ്ടതു നമ്മുടെ നിലനില്പിന്റെതന്നെ ആവശ്യമാണ്. ഇതിനുള്ള പരിശ്രമം നമ്മുടെ ദിനചര്യയുടെ ഭാഗമായി മാറണം.

ചപ്പുചവറുകൾ അശ്രദ്ധമായി വലിച്ചെറിയുക, പൊതുവഴികളിലും പാതയോരങ്ങളിലും തുപ്പുക, മലമൂത്രവിസർജ്ജനം ചെയ്യുക തുടങ്ങിയ പ്രശ്നങ്ങൾ ഏറ്റവും രൂക്ഷമായിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളിലൊന്നാണു ഭാരതം. ഭാരതമാതാവിന്റെ പവിത്രമായ മുഖം മാലിന്യങ്ങൾ കൊണ്ടു വികൃതമാകാതിരിക്കാൻ, നമ്മുടെ നാടു ദുർഗ്ഗന്ധപൂരിതമാകാതിരിക്കാൻ, ശ്രീ മാതാ അമൃതാനന്ദമയീദേവി വിഭാവനം ചെയ്തു പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് 'അമലഭാരതം'. ഭൂമിയെ മാലിന്യമുക്തമാക്കാനുള്ള ഈ മഹായജ്ഞത്തിൽ പങ്കുചേരാൻ എല്ലാവരെയും ഞങ്ങൾ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. അവരവരാൽ കഴിയുന്ന വിധത്തിൽ ഇതിന്റെ വിജയത്തിനു വേണ്ടി സഹകരിക്കുവാൻ അപേക്ഷിക്കുന്നു.

*– മാതാ അമൃതാനന്ദമയീ മഠം*

"വൃത്തിയില്ലായ്മയുടെ പേരിൽ അന്യരാജ്യങ്ങളുടെ മുൻപിൽ നമ്മളിനിയും നാണം കെടരുത്. വീടും പരിസരവും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുന്നത് ഒരു യജ്ഞമായി കരുതണം. ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്നതുപോലെ പരിസരശുചീകരണവും നിത്യജീവിതത്തിന്റെ ഭാഗമാകണം."

*– അമ്മ*

  

# പൊതുജനശ്രദ്ധയ്ക്ക്

1. മാലിന്യങ്ങളും ഉപയോഗശൂന്യവസ്തുക്കളും പുറത്തു വലിച്ചെറിയാതിരിക്കുക. അവ ശേഖരിക്കാനുള്ള വീപ്പകളിൽ നിക്ഷേപിക്കുക.

2. പൊതുസ്ഥലങ്ങളിലും പൊതുവഴികളിലും മലമൂത്രവിസർജ്ജനം ചെയ്യാതിരിക്കുക, തുപ്പാതിരിക്കുക.

3. രണ്ടു തൂവാലകൾ കൈവശം വച്ച്, ഒന്ന്, സാധാരണ ഉപയോഗത്തിനും മറ്റൊന്ന്, അത്യാവശ്യം വന്നാൽ തുപ്പാനും ഉപയോഗിക്കുക. ഇങ്ങനെ ഉപയോഗിച്ച തൂവാലകൾ സോപ്പിട്ടു കഴുകി വീണ്ടും ഉപയോഗിക്കുക.

4. പ്ലാസ്റ്റിക്ക്സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുക.

5. മാലിന്യനിർമ്മാർജ്ജനത്തോടൊപ്പം മാലിന്യസംസ്കരണത്തിനും പൊതുവായ പരിസ്ഥിതിസംരക്ഷണത്തിനും ഊന്നൽ നല്കുക.

ABC
Amala Bharatham Campaign


## അമലഭാരതം

മാതാ അമൃതാനന്ദമയീ മഠം, അമൃതപുരി.പി.ഒ., കൊല്ലം – 690525
ഫോൺ : 0476 2897578, www.e.amritapuri.org/abc


ദയവായി ഇതു വായിച്ചശേഷം മറ്റുള്ളവർക്കു വായിക്കാനായി കൈമാറുക.

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മാതാ അമൃതാനന്ദമയീമഠവുമായി ബന്ധപ്പെടുക.